

THURSDAY 05/06/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor: SINDHU.K.S** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/06/2025

1. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'പോരാടാം പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ' (Beat plastic pollution) എന്ന യുണൈറ്റഡ് നാഷൻസ് എൻവിയോൺമെന്റ് പ്രോഗ്രാം (UNEP) ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ സ്വയംഭരണ സ്ഥാപന പരിധികളിലെയും തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ഫലവൃക്ഷതൈകൾ നടുന്നു. പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കുക, പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ കോട്ടം തട്ടാതെ നിലനിർത്തുക തുടങ്ങിയവയാണ് പരിസ്ഥിതി ദിനാഘോഷ പരിപാടികളിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ വർഷത്തെ ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5 വ്യാഴാഴ്ച രാവിലെ 11 മണിക്ക് ബഹു. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ രാജ്ഭവനിൽ സിന്ദൂർ വരിക്ക പ്ലാവ് നട്ടുകൊണ്ട് നിർവഹിക്കും. കൃഷിമന്ത്രി പി പ്രസാദിന്റെ സാന്നിധ്യത്തിൽ നടക്കുന്ന പരിപാടിയിൽ വട്ടിയൂർക്കാവ് എം.എൽ.എ. വി.കെ. പ്രശാന്ത്, കാർഷികോൽപാദന കമ്മീഷണർ ഡോ. ബി.അശോക് ഐ.എ.എസ്. കൃഷിവകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. കർഷക പ്രതിനിധികൾ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

### പരിശീലന പരിപാടി

2. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ജൂൺ 11,**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

12 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

3. കോളേജ് ഓഫ് ഡയറി സയൻസ് ആൻ്റ് ടെക്നോളജി, പൂക്കോട് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ മൂല്യ വർദ്ധിത പാൽ ഉൽപന്നങ്ങളുടെ നിർമ്മാണ പ്രായോഗിക പരിശീലന പരിപാടി "പാൽ പൊലിമ 25" നടത്തുന്നു. 2025 ജൂൺ 10, 11 തീയ്യതികളിൽ നടക്കുന്ന പരിപാടിയിൽ പേട, പനീർ, പനീർ - ഊത്തപ്പം അച്ചാർ, ചോക്ലേറ്റ് ബ്രൗണി, തൈര്, ലസ്സി, കുക്കിസ്, ശ്രീഖണ്ഡ്, നെയ്യ്, സിപ് അപ്പ് എന്നീ പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ഉൾപ്പെടുത്തിയിരിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതായിരിക്കും. 2025 ജൂൺ 8 ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്. ക്ലാസ്സിൽ പങ്കെടുക്കാൻ താത്പര്യപെടുന്നവർ 7994529285, 8289815802 എന്നീ ഫോൺ നമ്പറിൽ ബന്ധപെടുക.

4. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് 2025 ജൂൺ മാസം 12, 13 തീയതികളിൽ "ശുദ്ധമായ പാലുൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2025 ജൂൺ 11 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911

മേല്വിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം പാലസ് പട്ടം. പി.ഒ. തിരുവനന്തപുരം – 695004 Email ID:principaldtctvm@gmail.com

5. ഇന്ത്യന്‍ റബ്ബര്‍ഗവേഷണകേന്ദ്രത്തിലെ പ്ലാന്റ് പതോളജി ഡിവിഷനില്‍ 'ജൂനിയര്‍ റിസേര്‍ച്ച് ഫെല്ലോ' (അഗ്രിക്കള്‍ച്ചറല്‍ ഡ്രോണ്‍ പൈലറ്റ്) നെ താല്‍കാലികാടിസ്ഥാനത്തില്‍ നിയമിക്കുന്നതിന് എഴുത്തുപരീക്ഷ / വാക്ക് - ഇന്‍ -ഇന്റര്‍വ്യൂ നടത്തുന്നു. അപേക്ഷകര്‍ ബാച്ചിലര്‍ ഓഫ് കമ്പ്യൂട്ടര്‍ അപ്ലിക്കേഷന്‍ / കമ്പ്യൂട്ടര്‍ അപ്ലിക്കേഷനില്‍ ഡിഗ്രി/ഡിപ്ലോമയും ഡ്രോണ്‍ പരീക്ഷണങ്ങളില്‍ രണ്ടു വര്‍ഷത്തെ പ്രവൃത്തിപരിചയവും, ഡ്രോണ്‍ പൈലറ്റ് ലൈസന്‍സ് ഉള്ളവരും ആയിരിക്കണം അപേക്ഷകര്‍ക്ക് 2025 ജനുവരി ഒന്നിന് 32 വയസ്സ് കവിയരുത്. താല്‍പര്യമുള്ളവര്‍ പുതുപ്പള്ളിയിലെ ഇന്ത്യന്‍ റബ്ബര്‍ഗവേഷണകേന്ദ്രത്തിലെ ഓഫീസിലെ ഡയറക്ടര്‍ ഓഫ് റിസേര്‍ച്ച് മുമ്പാകെ 2025 ജൂണ്‍ 12 ന് രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനല്‍ സര്‍ട്ടിഫിക്കറ്റുകളുമായി എഴുത്തുപരീക്ഷക്കും അഭിമുഖത്തിനും തയ്യാറായി ഹാജരാകേണ്ടതാണ് . കൂടുതല്‍ വിവരങ്ങള്‍ക്ക് www.rubberboard.gov.in സന്ദര്‍ശിക്കുക.

6. കേരളത്തിലെ റബ്ബറുത്പന്ന നിര്‍മാതാക്കള്‍ക്കായി യൂറോപ്യന്‍ യൂണിയന്റെ വനനാശനനിയന്ത്രണ ചട്ടങ്ങളുമായി (ഇ.യു.ഡി.ആര്‍.) ബന്ധപ്പെട്ട് റബ്ബര്‍ബോര്‍ഡ് ഒരു അവബോധനപരിപാടി സംഘടിപ്പിക്കുന്നു. 2025 ജൂണ്‍ 11 ന് എറണാകുളത്ത് വെച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. യൂറോപ്യന്‍ യൂണിയന്റെ വനനാശന നിയന്ത്രണ ചട്ടങ്ങള്‍ പാലിച്ച് ഡ്യൂ ഡിലിജന്‍സ് സര്‍ട്ടിഫിക്കറ്റ് നല്‍കുന്നതിന് ആവശ്യമായ സപ്ലൈ ചെയിന്‍ മാപ്പിങ്, ട്രേസബിലിറ്റി സിസ്റ്റങ്ങളുടെ വികസനം, തോട്ടങ്ങളുടെ ജിയോ മാപ്പിങ് എന്നിവയെക്കുറിച്ച് റബ്ബറുത്പന്നനിര്‍മാതാക്കളില്‍ അവബോധം സൃഷ്ടിക്കുന്നതിനാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഈ പരിപാടി ക്രമീകരിക്കുന്നത്. അവബോധന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ (www.rubberboard.gov.in) ലഭ്യമായ ഗൂഗിൾ ഫോമിൽ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി ഹെൽപ്പ് ലൈൻ നമ്പർ ആയ 8301952290ൽ ബന്ധപ്പെടേണ്ടതാണ്.

**7. കാർഷിക നിർദേശം**

നെല്ല് (വിരിപ്പ്) - നെല്ലിൽ പോളരോഗം, പോള അഴുകൽ ഇലപുള്ളിരോഗങ്ങള് എന്നിവ വരാൻ സാധ്യതയുണ്ട് മുൻകരുതലായി ഒരു കി.ഗ്രാം നെൽവിത്ത് സ്യൂഡോമോണാസ് കൾച്ചറിൻ്റെ ലായനിയിൽ അര മണിക്കൂർ കുതിർത്തുവെച്ച് വിതക്കുക. അല്ലെങ്കിൽ ഞാറിന്റെ വേര് സ്യൂഡോമോണാസ് കൾച്ചറിൽ അര മണിക്കുർ മുക്കിവെച്ച് നടുക

തെങ്ങ് - കൂമ്പ് ചീയൽ - തെങ്ങിലെ കൂമ്പുചീയൽ രോഗത്തിന് മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങിൻ്റെ കൂമ്പിൽ തളിച്ചു കൊടുക്കാവുന്നതാണ്.

കുരുമുളക് – ദ്രുതവാട്ടം - കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി 2 കിലോ ട്രൈക്കോഡെർമ 90 കിലോ ചാണക പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക ഓരോ കുരുമുളക് ചെടിയുടെ ചുവട്ടിലും ഈ മിശ്രിതം 2.5 കിലോ വീതം ഇട്ടുകൊടുക്കുക.